**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23** **23-08-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിൽ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ആദിവാസി മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി മുഖേന റേഷൻ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ വകുപ്പ് 30 ന്റെ അടിസ്ഥാനത്തിൽ ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് '**സഞ്ചരിക്കുന്ന റേഷൻകട**'. വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽ നിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുക എന്നതാണ് പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ടി പദ്ധതിക്ക് അർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി റേഷൻ വിതരണം നടത്തി വരുന്ന 2017 – ൽ തൃശ്ശൂരിൽ ആരംഭിച്ച പ്രസ്തുത പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ 19 താലൂക്കുകളിലായി നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഓരോ ജില്ലയിലേയും ആവശ്യകത പരിഗണിച്ച് ജില്ലാ സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശുപാർശകൾ പരിശോധിച്ച് ടി പദ്ധതിയ്ക്കുള്ള അനുമതി നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | നിലവിൽ ലേബർ സെറ്റിൽമെന്റുകളിൽ ടി പദ്ധതി നടപ്പാക്കിയിട്ടില്ല. |
| (ബി) | ആദിവാസി, ഗോത്രവർഗ മേഖലകളിൽ ഭക്ഷ്യഭദ്രത സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ഭക്ഷ്യ കമ്മീഷൻ വഴി കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നിരവധി ഗോത്രവർഗ്ഗ മേഖലകളിൽ സന്ദർശനം നടത്തി കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിനും ബന്ധപ്പെട്ട വകുപ്പുകൾക്കും നൽകി വരുന്നുണ്ട്. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന ഭക്ഷ്യ ഭദ്രതാ പരിപാടികൾ ഗോത്ര മേഖലയിൽ പൂർണ്ണമായ ഫലപ്രാപ്തിയിൽ നിർവഹിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഗോത്രവർഗ്ഗ ജനതയെ തങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനും ഭക്ഷ്യ ഭദ്രതാ ആനുകൂല്യങ്ങൾ കൃത്യമായ ഗുണമേൻമയിലും, അളവിലും അവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കേരളത്തിലുടനീളമുള്ള ഗോത്രവർഗ്ഗ മേഖലകളിൽ വനിതാ ഭക്ഷ്യ ഭദ്രതാ കൂട്ടായ്മയായ 'ഭാസുര' രൂപീകരിച്ച് ആയതിന്റെ കൺവീനർമാർക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഭക്ഷ്യ ഭദ്രത നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ/പരാതികൾ കമ്മീഷൻ അംഗത്തെയോ കമ്മീഷൻ ഓഫീസിലോ അറിയിക്കാൻ കൺവീനർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല കമ്മീഷൻ ഓഫീസിൽ നിന്നും ഭാസുര കൺവീനർമാരെ ബന്ധപ്പെടുകയും പരാതികൾ സ്വീകരിച്ച്, ബന്ധപ്പെട്ട വകുപ്പുകൾ വഴി പരിഹാരം തേടുകയും ചെയ്യുന്നുണ്ട്. ഗോത്രവർഗ്ഗ മേഖലയിലെ റേഷൻ കടകളിലും അങ്കണവാടികളിലും ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു വരുന്നു. ഗോത്രവർഗ്ഗ ജനതയുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി ഭക്ഷ്യ ഭദ്രതാ ആനുകൂല്യങ്ങൾ ഫലപ്രദമായി ലഭിക്കുന്നുവെന്നത് ഉറപ്പാക്കാൻ പട്ടികവർഗ്ഗ വകുപ്പ് നിയമിച്ചിട്ടുള്ള ട്രൈബൽ പ്രമോട്ടർമാർക്ക് സാധിക്കുമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ഭക്ഷ്യ ഭദ്രതാ നിയമത്തെക്കുറിച്ച് ഈ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുമുണ്ട്. |
| (സി) | ഗോത്രവർഗ മേഖലകളിൽ ഉൾപ്പെടെ പൊതു വിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിന് ശക്തമായ | (സി) | ഉണ്ട്. ഗോത്രവർഗ മേഖലകളിൽ ഉൾപ്പെടെ പൊതു വിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തി വയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി |

| | | | |
|---|---|---|---|
| | പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | | ശക്തമായ ഒരു പരിശോധന സംവിധാനം പ്രവർത്തിക്കുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ആഫീസർ വരെയുള്ളവ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമേ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിലും ഗോഡൗണുകളിലും മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്ന പക്ഷം KTPDS (Control) Orde 2021 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാരുടെ പരിശോധന കൂടുതൽ കാര്യക്ഷമവും മികവുറ്റതും ആക്കുന്നതിനായി എഫ്.പി.എസ് മൊബൈൽ എന്ന സംവിധാന നിലവിലുണ്ട്.<br><br>ഉത്സവ സീസണുകളിൽ പൊതു വിപണിയിലുണ്ടാകുന്ന വിലവർദ്ധനവും പൂഴ്ത്തിവയ്പ തടയുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തി വരുന്നു. |
| (ഡി) | വന മേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമതയോടെ റേഷൻ വിതരണം നടത്തി വരുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും, പ്രതികൂല കാലാവസ്ഥയിലും, ആദിവാസി പ്രൊമോട്ടർമാരുടെ സഹകരണത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർ ഊരുകളിൽ നേരിട്ടെത്തി കാര്യക്ഷമതയോടുകൂടി പരാതിക്കിടവരാതെ റേഷൻ വിതരണം നടത്തി വരുന്നു. ഇപ്രകാരം അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ഓരോ കാർഡുടമയ്ക്കും ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തി, ആദിവാസി മേഖലയിലെ റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നുണ്ട്. |
| (ഇ) | ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്ന ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ ആദിവാസി മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ എത്തിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. 01/08/2022 ലെ 273/2022/F&CS നമ്പർ ഉത്തരവ് പ്രകാരം 2022 ഓണത്തോടനുബന്ധിച്ച് തുണി സഞ്ചിയുൾപ്പെടെ 14 ഇനങ്ങളടങ്ങിയ സൗജന്യ ഭക്ഷ്യകിറ്റുകൾ സപ്ലൈകോ മുഖേന തയ്യാറാക്കി നിലവിൽ സഞ്ചരിക്കുന്ന റേഷൻ കടയുടെ സേവനം ലഭിച്ചുവരുന്ന ആദിവാസി ഊരുകളിലെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സമീപത്തെ റേഷൻ കടകളിൽ നിന്നും പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ മുഖേന വാതിൽപ്പടിയായി ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ